പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1625 — 21.01.2014 ൽ മറുപടിയ്ക്ക്

**കാർഷികമേഖലയിലെ പ്രതിസന്ധി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.പി.വിൻസെന്റ് | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| കാർഷിക മേഖലയിലെ പ്രധാന പ്രതിസന്ധികൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | കഴിഞ്ഞ രണ്ട് വർഷത്തെ സുവ്യക്തവും ദിശാബോധവുമുള്ള പ്രവർത്തനത്തിന്റെ ഫലമായി കാർഷിക മേഖലയിലെ പ്രതിസന്ധികൾ ഓരോന്നിനും പരിഹാര നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>കൃഷിയ്ക്ക് ആവശ്യമായ ഉല്പാദനോപാധികൾക്ക് ധനസഹായം വർദ്ധിപ്പിച്ചു. കൃഷിയിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സഹായങ്ങൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചു. കൃഷിനാശം സംഭവിക്കുന്ന കർഷകർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കി വരുന്നു.<br><br>തെരഞ്ഞെടുത്ത വിപണികൾ മുഖേന കാർഷിക ഉല്പന്നങ്ങൾക്ക് സംഭരണവും, ന്യായമായ വിലയും ഉറപ്പാക്കി. ഉയർന്ന വിലയ്ക്ക് നെൽ, പച്ചത്തേങ്ങ സംഭരണം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.<br><br>രാസവളങ്ങളുടെ വില വർദ്ധനവിൽ നിന്നും ആശ്വാസം നൽകുന്നതിലേക്കായി നെല്ല്, വാഴ എന്നീ വിളകൾക്ക് കൂടുതൽ ആനുകൂല്യം നൽകുന്നതു കൂടാതെ നികുതിയിളവും പ്രഖ്യാപിച്ചു.<br><br>കുറഞ്ഞ പലിശയ്ക്ക് കാർഷിക വായ്പാ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സഹകരണ വകുപ്പിലും സ്വീകരിച്ചു വരുന്നു.<br><br>കർഷക രജിസ്ട്രേഷൻ പൂർത്തിയാക്കി കാർഷിക സബ്സിഡികൾ ബാങ്ക് വഴി കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെ 'നിറവ്', പച്ചക്കറി കൃഷി പദ്ധതി, അഗ്രോ സർവ്വീസ് സെന്റർ, ഹൈ-ടെക് കൃഷി, തരിശുരഹിത പഞ്ചായത്ത് പദ്ധതി, കാർഷിക കർമ്മസേന, ആത്മ, ലീഡ്സ് എന്നീ വിജ്ഞാന വ്യാപന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

സംസ്ഥാന പ്ലാനിംഗ് ബോർഡുമായി ചേർന്ന് നൂതന പദ്ധതികളായ മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ, ബയോപാർക്കുകൾ, ഇൻകം സപ്പോർട്ട് പദ്ധതി, വിള ആരോഗ്യ പരിപാലനം, കാലാവസ്ഥാ ഇൻഷ്വറൻസ് പദ്ധതി, കാർഷിക യന്ത്രവത്ക്കരണം, കുട്ടനാട് ഹെറിറ്റേജ് പദ്ധതി എന്നിവയും ഈ വർഷം നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ